മൂന്നാറിലെ റവന്യൂ ഭൂമി കയ്യേറ്റം

8 [2897] ശ്രീ. കെ. അച്ചുതൻ :
,, ടി. വി. ചന്ദ്രമോഹൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. എം. മുരളി :
പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിൽ വ്യാപകമായ തോതിൽ റവന്യൂ ഭൂമിയിൽ കയ്യേറ്റം നടന്നിട്ടുണ്ടോ;

(ബി) ഈ കയ്യേറ്റങ്ങളെ വ്യാജരേഖകൾകൊണ്ട് ക്രമവൽക്കരിച്ചിട്ടുണ്ടോ;

(സി) ഇക്കഴിഞ്ഞ 5 വർഷത്തിനുള്ളിൽ മൂന്നാർ മേഖലയിൽ നടത്തിയിട്ടുള്ള ഭൂമി സംബന്ധമായ കരണങ്ങളും (പ്രമാണങ്ങളും), രേഖകളും പരിശോധിച്ച് വ്യാജരേഖകൾ വഴി ഭൂമി കൈയേറ്റം ക്രമവൽക്കരിച്ച് നടപടികൾ കണ്ടെത്തുവാനു ദ്ദേശ്യമുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ, ബി, സി ആന്റ് ഡി) വിവരം ശേഖരിച്ചുവരുന്നു.

അംഗീകാരമില്ലാത്ത കടവുകളിൽ മണൽവാരൽ തടയാൻ നടപടി

9 [2898] ശ്രീ. സി. ടി. അഹമ്മദ് അലി :
,, കളത്തിൽ അബ്ദുള്ള :
,, സി. മമ്മൂട്ടി :
,, നാലകത്ത് സൂപ്പി :
,, ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ മണൽ വാരുന്നതിന് എത്ര അംഗീകൃത കടവുകളാണ് ഉള്ളത്;

(ബി) അംഗീകാരമില്ലാത്ത കടവുകളിൽനിന്ന് മണൽവാരൽ തടയുന്നതിന് എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചത്;

(സി) മണൽ നീക്കം ചെയ്യുമ്പോൾ അനുവദിച്ചതിൽ കൂടുതൽ നീക്കം ചെയ്യുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly